**കേരള സർക്കാർ**
**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്.**
**വിജ്ഞാപനം**

നം. 9875/ഇ 1/ 2014/തൊഴിൽ

തിരുവനന്തപുരം, 2016 ജൂൺ 25.
1191 മിഥുനം 11.

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്ടിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2009 ആഗസ്റ്റ് 10-ാം തീയതിയിലെ സ.ഉ. (കൈയ്യെഴുത്ത്) 106/2009/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2009 ആഗസ്റ്റ് 11-ാം തീയതിയിലെ 1451-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 674/2009 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ട് കേരള സർക്കാർ സംസ്ഥാനത്തെ കാർഷിക പ്രവൃത്തികളിലും അതിനോടനുബന്ധിച്ചുള്ള മേഖലകളിലെ പ്രവൃത്തികളായ തെങ്ങ് കയറ്റവും, കമുക് കയറ്റവും, ഡയറി ഫാമുകൾ, നഴ്സറികൾ, കശുമാവ് തോട്ടങ്ങൾ എന്നിവിടങ്ങളിൽ പ്രവൃത്തികൾ ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ സംബന്ധിച്ച് താഴെ പട്ടികയിൽ പറയുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (1) -ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്നതനുസരിച്ച് അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ടു മാസം തികയുന്ന തീയതിയിലോ അതിനുശേഷമോ പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാർ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങളിൻമേൽ മുകളിൽ പ്രസ്താവിച്ചിട്ടുള്ള തീയതിയിലോ അതിനു മുമ്പോ ഏതെങ്കിലും വ്യക്തിയിൽ നിന്നും ലഭിക്കുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതാണെന്നും ഇതിനാൽ അറിയിപ്പ് നൽകുന്നു. എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

<u>പട്ടിക</u>

## I. കാർഷിക പ്രവർത്തനങ്ങൾ

| | |
|---|---|
| 1. കിള, ചുമട്, ബണ്ടുപണി, ചെളികുത്ത്, വരമ്പുവെട്ട്, കയ്യാലകെട്ട്, മഴക്കുഴി എടുക്കൽ, കൃഷിക്ക് വേണ്ടി കുളം കുഴിക്കൽ, പുതഇടീൽ/ പച്ചിലവളമൊരുക്കൽ, മരത്തിൽ കയറി ചില്ല വെട്ടുക എന്നിങ്ങനെയുള്ള കാഠിന്യമേറിയ കാർഷിക ജോലികൾ | 8 മണിക്കൂർ ജോലിക്ക് 490/- രൂപ |
| 2. കളയെടുപ്പ്, പായൽവാരൽ, നടീൽ, വിത്തിടീൽ, നെല്ല് ചാക്കിൽ നിറക്കൽ, ഇങ്ങനെയുള്ള കാഠിന്യം കുറഞ്ഞ ജോലികൾ | 8 മണിക്കൂർ ജോലിക്ക് 410/- രൂപ |

**കുറിപ്പുകൾ.-** (1) 8 മണിക്കൂറിൽ കുറഞ്ഞ പ്രവൃത്തി സമയം നിലവിലുള്ള പ്രദേശങ്ങളിലും മേൽപ്പറഞ്ഞ കൂലി നിരക്കുകൾ ബാധകമായിരിക്കുന്നതാണ്.

(2) ജോലിയുടെ നിശ്ചിത സമയം, അളവ്, സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ കൂലി നൽകി വരുന്ന കൊയ്ത്ത്, മെതി, ഉഴവ്, മരുന്നുതളി, വളമിടൽ എന്നീ ജോലികൾക്ക് പ്രാദേശികമായി നിലവിലുള്ള കൂലിയും മറ്റാനുകൂല്യങ്ങളും തുടർന്നും നൽകേണ്ടതാണ്.

## II. യന്ത്രസഹായത്തോടെയുള്ള കാർഷിക പ്രവർത്തനങ്ങളുടെ കൂലി നിരക്കുകൾ

| | |
|---|---|
| 1. ട്രാക്ടർ/ ടില്ലർ ഉപയോഗിച്ചുള്ള ഉഴവ് | മണിക്കൂറിന് 110/- രൂപ |
| 2. യന്ത്രസഹായത്താലുള്ള കാട് വെട്ട് | മണിക്കൂറിന് 100/- രൂപ |

## III. തെങ്ങുകയറ്റം

തെങ്ങുകയറ്റ തൊഴിലാളികൾക്ക് ഒരു തെങ്ങിന് 20/- രൂപ ക്രമത്തിൽ കൂലിയും ഓരോ പത്തു തെങ്ങിനും ഓരോ നാളികേരം വീതവും നൽകേണ്ടതാണ്.

## IV. കമുകകയറ്റം

കമുകിൽ കയറി ഒരു കല പാക്ക് പറിക്കുന്നതിന് -- 8/- രൂപ

കമുകിൽ മരുന്ന തളിക്കുന്നതിന് - ഒരു വൃക്ഷത്തിന് -- 5/- രൂപ

## V. റബ്ബർ ടാപ്പിംഗ് തൊഴിലാളികളുടെ കൂലി നിരക്കുകൾ

റബ്ബർ ടാപ്പിംഗ് നടത്തി ഷീറ്റ് ആക്കുന്നതിന് -- ഒരു മരത്തിന് 1.50/- രൂപ

VI. ഡയറി ഫാമിംഗ്

(എ) മാസനിരക്കിലുള്ള തൊഴിലാളികൾ

| ഗ്രൂപ്പ് (1) | തസ്തിക (2) | കുറഞ്ഞ വേതനം (8 മണിക്കൂർ ജോലിക്ക്) (3) |
|---|---|---|
| (എ) | 1. മാനേജർ<br>2. സൂപ്രണ്ട്<br>3. ചീഫ് അക്കൗണ്ടന്റ്<br>4. വെറ്റിനറി ആഫീസർ<br>5. ഡയറിയുടെ ചുമതലയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ | 13,350/- (പതിമൂവായിരത്തി മുന്നൂറ്റി അൻപത് രൂപ മാത്രം) |

| | | |
|---|---|---|
| (ബി) | 1. അക്കൗണ്ടന്റ്<br>2. സൂപ്പർവൈസർ<br>3. ഡ്രൈവർ | 12,540/- (പന്ത്രണ്ടായിരത്തി അഞ്ഞൂറ്റി നാൽപത് രൂപ മാത്രം) |
| (സി) | 1. ക്ലാർക്ക്<br>2. കാഷ്യർ<br>3. ലാബ് അസിസ്റ്റന്റ്<br>4. ടൈപ്പിസ്റ്റ്<br>5. മിൽക്ക് ടെസ്റ്റർ<br>6. ചെക്കിംഗ് ഇൻസ്പെക്ടർ | 12,310/- (പന്ത്രണ്ടായിരത്തി മുന്നൂറ്റി പത്ത് രൂപ മാത്രം) |
| (ഡി) | 1. വാച്ച്മാൻ<br>2. അറ്റൻഡർ<br>3. പ്യൂൺ<br>4. മിൽക്ക് കളക്ടേഴ്സ്<br>5. മിൽക്ക് വെണ്ടേർസ്<br>6. സപ്ലൈ ബോയ്സ്<br>7. ബിൽ കളക്ടേഴ്സ്<br>8. ക്ലീനേഴ്സ് (വെഹിക്കിൾസ്)<br>9. ക്ലീനേഴ്സ് (പാൽപാത്രങ്ങൾ)<br>10. മേൽ സ്വഭാവത്തിലുള്ള പണികൾ ചെയ്യുന്ന മറ്റു തൊഴിലാളികൾ | 12,120/- (പന്ത്രണ്ടായിരത്തി ഒരുനൂറ്റി ഇരുപത് രൂപ മാത്രം) |

(ബി) <u>ദിവസ നിരക്കിലുള്ള തൊഴിലാളികൾ</u>

| | | ജോലിയുടെ സ്വഭാവം | കുറഞ്ഞ വേതനം |
|---|---|---|---|
| (എ) | i. | കറവ (ദിവസം രണ്ടു നേരം) | 505/- രൂപ (അഞ്ഞൂറ്റി അഞ്ച് രൂപ മാത്രം) |
| | ii. | കറവയും (ദിവസം രണ്ടു നേരം) ഡയറിയിലെ മറ്റു തൊഴിലുകളും കൂടി ചെയ്യുന്നവർ | 570/- രൂപ (അഞ്ഞൂറ്റി എഴുപത് രൂപ മാത്രം) |
| (ബി) | | വിത്തുകാള പരിപാലകർ | 570/- രൂപ (അഞ്ഞൂറ്റി എഴുപത് രൂപ മാത്രം) |
| (സി) | | പൊതുവായ മറ്റു ജോലികൾ ചെയ്യുന്നവർ (മാടിന് തീറ്റ നൽകൽ, മാടിനെ കുളിപ്പിക്കുന്നവർ, തൊഴുത്തിൽ നിന്നും ചാണകം വാരുന്നവർ, മാടിനെ പരിപാലിക്കുന്നവർ, തൊഴുത്ത് വൃത്തിയാക്കുന്നവർ, വൈക്കോൽ ഉണക്കുന്നവർ, കാലിത്തീറ്റ, പുല്ല്, വളം ചുമട്ടുകാർ, തീറ്റപ്പുൽ കൃഷിയിടങ്ങളിലും വളക്കുഴികളിലും തൊഴുത്തുകളിലും മൺവെട്ടി കൊണ്ടുള്ള ജോലികളും മറ്റു കൈ ജോലികളും ചെയ്യുന്നവർ) | 480/- രൂപ (നാനൂറ്റി എൺപത് രൂപ മാത്രം) |

കുറിപ്പ്:- ദിവസവും 8 മണിക്കൂർ ജോലി ചെയ്യുന്ന ദിവസക്കൂലിക്കാരായ തൊഴിലാളികൾക്കാണ് (കറവ നടത്തുന്ന തൊഴിലാളികൾ ഒഴികെ) മേൽപ്പറഞ്ഞ കൂലി ബാധകമായിരിക്കുന്നത്. രണ്ട് നേരം കറവ നടത്തുകയും ജോലി സമയം 8 മണിക്കൂറിൽ കുറവായിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്ക് ജോലി സമയത്തിന്റെ ദൈർഘ്യം അടിസ്ഥാനപ്പെടുത്തി അതിന് ആനുപാതികമായ കൂലിക്ക് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളു.

VII. നഴ്സറികൾ

എ. ദിവസ നിരക്കുള്ള കൂലിക്കാർ

| | ജോലിയുടെ സ്വഭാവം | കുറഞ്ഞ വേതനം (8 മണിക്കൂർ ജോലിക്ക്) |
|---|---|---|
| (എ) | നഴ്സറികളിലെ വൈദഗ്ദ്ധ്യം ഇല്ലാത്ത തൊഴിലാളികൾക്ക് (മണ്ണ് കിളയ്ക്കുക, തടമെടുക്കുക, വിത്ത് പാകുക, നടുക, ജലസേചനം നടത്തുക, വളം ചേർക്കുക, മരുന്നടിക്കുക, കളപറിക്കുക തുടങ്ങിയ നഴ്സറിയുമായി ബന്ധപ്പെട്ട വൈദഗ്ദ്ധ്യം ആവശ്യമില്ലാത്ത മറ്റ് ജോലികൾ) | 420/- രൂപ (നാനൂറ്റി ഇരുപത് രൂപ മാത്രം) |
| (ബി) | വൈദഗ്ദ്ധ്യം ഉള്ള തൊഴിലാളികൾക്ക് (ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, പുൽത്തകിടി വച്ചു പിടിപ്പിക്കൽ, ഡിസൈൻ ചെയ്ത് പൂന്തോട്ടമൊരുക്കൽ, ചെടികളിൽ കൃത്രിമ പരാഗണം നടത്തൽ തുടങ്ങിയ ജോലികൾ ചെയ്യുന്ന തൊഴിലാളികൾ) | 490/- രൂപ (നാനൂറ്റി തൊണ്ണൂറ് രൂപ മാത്രം) |
| (സി) | കവറുകളിൽ മണ്ണ് നിറയ്ക്കൽ | ഒരു കവറിന് 50 പൈസ |

(ബി) മാസ നിരക്കിലുള്ള തൊഴിലാളികൾ

| തസ്തിക | കുറഞ്ഞ വേതനം |
|---|---|
| 1) മാനേജർ/ സൂപ്പർവൈസർ | 10200/- രൂപ (പതിനായിരത്തി ഇരുനൂറ് രൂപ മാത്രം) |
| 2) ക്ലാർക്ക്, ടൈപ്പിസ്റ്റ്, കാഷ്യർ | 9640/- രൂപ (ഒമ്പതിനായിരത്തി അറുനൂറ്റി നാൽപത് രൂപ മാത്രം) |

VIII. കശുമാവ് തോട്ടങ്ങൾ

| | ജോലിയുടെ സ്വഭാവം | കുറഞ്ഞ വേതനം |
|---|---|---|
| (1) | കാട്ടുവെട്ട്, കിള, മരുന്നടി, വളമിടൽ തുടങ്ങിയ തൊഴിലുകൾ ചെയ്യുന്നവർ | 8 മണിക്കൂർ ജോലിക്ക് 410/- രൂപ (നാനൂറ്റി പത്ത് രൂപ മാത്രം) |
| (2) | തോട്ടണ്ടി ശേഖരിക്കുന്നവർ | |
| | (എ) മരത്തിൽ കയറി നേരിട്ട് ശേഖരിക്കുന്നവർ | 1 കിലോ ശേഖരിക്കുന്നതിന് 12/- രൂപ (പന്ത്രണ്ട് രൂപ മാത്രം) |
| | (ബി) താഴെ വീണു കിടക്കുന്ന തോട്ടണ്ടി ശേഖരിക്കുന്നവർ | 1 കിലോ ശേഖരിക്കുന്നതിന് 6/- രൂപ (ആറ് രൂപ മാത്രം) |

### ക്ഷാമബത്ത

ഡയറി ഫാം, നഴ്സറികൾ, കശുമാവ് തോട്ടങ്ങൾ എന്നിവിടങ്ങളിൽ സമയ നിരക്കിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷാമബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന 1998 – 99= 100 എന്ന സീരീസിലെ ഉപഭോക്തൃ വില സൂചികയുടെ 250 പോയിന്റിനു മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും മാസവേതനക്കാരായ തൊഴിലാളികൾക്ക് 26/- രൂപ (ഇരുപത്തിയാറ് രൂപ മാത്രം) നിരക്കിലും ദിവസവേതനക്കാരായ തൊഴിലാളികൾക്ക് ഓരോ പോയിന്റിനും 1/- രൂപ (ഒരു രൂപാ മാത്രം) നിരക്കിലും ക്ഷാമബത്ത വേതനത്തോടൊപ്പം നൽകേണ്ടതാണ്.

### പൊതുവായ നിബന്ധനകൾ

(i) മുകളിൽ നിശ്ചയിച്ച വേതനത്തെക്കാൾ ഉയർന്ന വേതനം തൊഴിലാളികൾക്ക് ലഭിക്കുന്ന സ്ഥലങ്ങളിൽ അത്തരം ഉയർന്ന വേതനം തുടർന്നും നൽകേണ്ടതാണ്.

(ii) തൊഴിലാളികൾക്ക് സൗജന്യമായി ഭക്ഷണവും മറ്റാനുകൂല്യങ്ങളും നൽകുന്ന സ്ഥലങ്ങളിൽ അത് തുടർന്നും നൽകേണ്ടതാണ്.

(iii) ദിവസക്കൂലിക്കാരുടെ വേതനം മാസവേതനമായി നൽകുകയാണെങ്കിൽ ക്ഷാമബത്ത ഉൾപ്പെടെയുള്ള ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും മാസശമ്പളക്കാരുടെ ദിവസവേതനം കണക്കാക്കേണ്ടിവരികയാണെങ്കിൽ ക്ഷാമബത്ത ഉൾപ്പെടെയുള്ള മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ചും കണക്കാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

## GOVERNMENT OF KERALA
### Labour and Skills (E) Department
### NOTIFICATION

No.9875/E1/2014/LBR. Dated,Thiruvananthapuram, 25th June, 2016.
11th Mithunam, 1191.

The following proposal for the revision of minimum rates of wages which the Government of Kerala propose to make in exercise of the powers conferred by clause (b) of subsection (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948), and in supersession of the notification issued as G.O.(Ms.) No.106/2009/LBR dated 10th August, 2009 and published as S.R.O. No.674/2009 in the Kerala Gazette Extraordinary No. 1451 dated 11th August 2009, as payable to the employees employed in Agricultural Operations and allied sectors such as climbing of coconut trees, climbing of arecanut trees, dairy farms, nurseries and cashew plantations in the State of Kerala, as specified in the schedule below, are hereby published for the information of all persons likely to be affected thereby, as required by clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that the proposal will be taken up for consideration on or after two months from the date of its publication in the Gazette and that the objections and suggestions, if any, that may be received from any person with respect to the said proposal on or before the date specified above, will be considered by the Government. All such objections and suggestions shall be addressed to the Additional Chief Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram - 695 001.

SCHEDULE

### I . Agricultural operations.

1. Agricultural works of hard nature like digging, loading, bundwork, mud digging, ridge making ,mud fencing, rain pit digging, digging pond for agricultural -- ₹. 490/- for 8 hours' work

2. Work of light nature like weeding, aquatic weed removal, planting, sowing, paddy sacking. -- ₹. 410/- for 8 hours' work

*Notes*:- (1) The above rates of wages shall also be applicable to the areas where working hours is below 8 hours.

II. In the case of works like harvesting, threshing, ploughing, spraying, manuring etc, where the rates of wages are on the basis of working hours, quantity and nature, such local wage rates and other benefits shall be continued.

## II. Wage rate for Mechanized Agriculture works.

1. Ploughing with the help of Tractor / Triller ₹. 110 for 1 hours' work.

2. Mechanised Sawing ₹. 100 for 1 hours' work.

## III. Coconut tree climbing.

Coconut tree climbers shall be paid twenty rupees as wages per coconut tree and one coconut for each ten coconut trees.

## IV. Arecanut tree climbing.

For arecanut tree climbing to pluck a bunch of nuts -- ₹. 8/-
For arecanut tree climbing to spray pesticides -- ₹. 5/- per tree.

## V. Wage rates for Rubber Tapping Workers.

Rubber Tapping and Sheet making - ₹. 1.50/- per tree.

## VI. Dairy farming

A. Monthly rated workers

| *Group* | *Post* | *Minimum Wages (for 8 hours' work)* |
|---|---|---|
| (1) | (2) | (3) |
| A | 1.Manager<br>2. Superintendent<br>3. Chief Accountant<br>4. Veterinary Officer<br>5. Any Officer in charge of the Dairy | ₹.13,350/-(Thirteen thousand three hundred and fifty only) |

| | | |
|---|---|---|
| B | 1.Accountant<br>2.Supervisor<br>3.Driver | ₹.12,540/- (Rupees Twelve thousand five hundred and forty only) |
| C | 1.Clerk<br>2.Cashier<br>3.Lab Assistant<br>4. Typist<br>5. Milk Tester<br>6.Checking Inspector | ₹.12,310/- (Rupees Twelve thousand three hundred and ten only) |
| D | 1.Watchman<br>2. Attender<br>3.Peon<br>4. Milk Collectors<br>5. Milk Vendors<br>6. Supply Boys<br>7. Bill Collectors<br>8. Cleaners (Vehicles)<br>9. Cleaners (Milk Pots)<br>10.Other employees doing works of similar nature | ₹.12,120/- (Rupees Twelve thousand one hundred and twenty only) |

## B. Daily rated workers

| | Nature of work | Minimum Wages |
|---|---|---|
| (a) | (i) Milking (twice daily) | ₹. 505/- (Rupees Five hundred and five only) |
| | (ii) Milking (twice daily) along with other works in the Dairy | ₹. 570/- (Rupees Five hundred and seventy only) |
| (b) | Sire Bull caretaker | ₹. 570/- (Rupees Five hundred and seventy only) |
| (c) | Other General workers ( cattle feeding, cleaning the cattle, removing cowdung from cowshed, cattle rearing, cowshed cleaning, hay drying, loading of cattle feeds, grass, and fertilizers, spade works and such other hand works in fodder fields, sileage pits and cowsheds) | ₹. 480/- (Rupees Four hundred and eighty only) |

*Notes.-* The above wages are applicable to the daily rated workers for 8 hours work (except workers doing milking). The workers doing milking twice daily and whose period of work is less than 8 hours, they shall be eligible for proportionate rate of wages based on the duration of work.

## VII. Nurseries

A. Daily rated workers

| | *Nature of work* | *Minimum Wages (for 8 hours' work)* |
|---|---|---|
| (a) | Unskilled Workers in Nurseries (digging, making pits, seed sowing, planting, watering, manuring, spraying pesticides, weeding, such other unskilled works in Nurseries) | ₹. 420/- (Rupees Four hundred and twenty only) |
| (b) | Skilled Workers (budding, grafting, preparation of lawn, Garden designing, artificial pollination such other skilled works) | ₹. 490/- (Rupees Four hundred and ninety only) |
| (c) | Filling soil in the cover | 50 Paise per cover |

### B. Monthly rated workers

| | Post | Minimum Wages |
|---|---|---|
| 1. | Manager / Supervisor | ₹. 10,200/- (Rupees Ten thousand and two hundred only |
| 2. | Clerk, Typist, Cashier | ₹. 9,640/- (Nine thousand six hundred and forty only) |

## VIII. Cashew Plantations

| | *Post* | *Minimum Wages* |
|---|---|---|
| 1 | Clear felling, ploughing, spraying, manuring etc | ₹. 410/- (Rupees four hundred and ten only) for 8 hours work |
| 2. | Collection of rawnut | |
| | (a) Collecting nut from trees | ₹. 12/- (Rupees twelve only) per Kilogram |
| | (b) Collecting nuts from the ground | ₹.6/- (Rupees six only) per Kilogram |

## Dearness Allowance

The time rated workers engaged in Dairy Farm, Nurseries, Cashew Plantations are eligible for Dearness Allowance. The monthly rated workers and the daily rated workers shall be paid Dearness Allowance along with the wages at the rate of Rs.26/- (Rupees Twenty six only) and Re.1 (One rupee only) respectively for every point of increase above 250 points in the new series 1998 - 99=100 of the Consumer Price Index published by the Directorate of Economics and Statistics Department.

## General Conditions

(i) Wherever the workers are actually in receipt of higher wages than the minimum wages fixed above, such higher wages shall be continued.

(ii) Wherever the workers are supplied food free of cost and such other benefits, it shall be continued.

(iii) If the daily rated workers are paid monthly salary, then the total amount of the basic of daily rates of wages of each category along with dearness allowance multiplied by 26, shall be paid as monthly wages. The daily rate in respect of the category of employees for whom monthly rate is fixed in the final notification may be calculated by dividing the monthly rate by 26.

By order of the Governor,
Tom Jose,
*Additional Chief Secretary to Government.*